ആലപ്പുഴയിൽ എം.പോക്സ് ലക്ഷണവുമായി ഒരാൾ ആശുപത്രിയിൽ

ആലപ്പുഴ: എം.പോക്സ് ലക്ഷണവുമായി ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കഴിഞ്ഞ ദിവസം ബഹ്റൈനിൽ നിന്ന് എത്തിയ തൃക്കുന്നപ്പുഴ പഞ്ചായത്ത് സ്വദേശിയായ 54കാരനിലാണ് രോഗലക്ഷണങ്ങൾ കണ്ടെത്തിയത്. ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ച് രക്തസാമ്പിൾ പരിശോധനയ്ക്കയച്ചിട്ടുണ്ട്.

ഇയാളുടെ കുടുംബം ക്വാറന്റൈനിലാണ്. മെഡിക്കൽ കോളജ് ആശുപത്രിയിൽ എം.പോക്സ് രോഗബാധ മുൻനിർത്തി പ്രത്യേക വാർഡുകൾ തുറന്നിട്ടുണ്ട്.

സ്കൂൾ കവർച്ച: മുഖ്യപ്രതി പിടിയിൽ

ഫറോക്ക്: ചെറുവണ്ണൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഓഫീസ് കുത്തിത്തുറന്ന് കവർച്ച നടത്തിയ സംഘത്തിലെ മുഖ്യ പ്രതി പോലീസ് പിടിയിൽ. മലപ്പുറം ചേലേമ്പ്ര പെരുന്നേരി തോട്ടുമ്മൽ വീട്ടിൽ മുസ്താഖ് (29) ആണ് നല്ലളം പോലീസിന്റെ പിടിയിലായത്. നല്ലളം സിഐയുടെ നേതൃത്വത്തിൽ എസ് ഐ പ്രദീപിന്റെ മേൽനോട്ടത്തിൽ നടത്തിയ അന്വേഷണത്തിലാണ് മുഖ്യപ്രതി കോഴിക്കോട് നഗരത്തിൽ നിന്ന് പിടിയിലായത്. ഇയാളിൽ നിന്ന് കവർച്ചാ മുതലുകൾ കണ്ടെടുത്തിട്ടുണ്ട്. കൂട്ടാളികളായ കണ്ണൻ എന്ന സുബിൻ അശോക്, ആഷിക് എന്നിവർ ഒളിവിലാണെന്ന് പോലീസ് പറഞ്ഞു. ഓഫീസിന്റെ പൂട്ട് തകർത്ത് 9 ലാപ്ടോപ്പുകളും 6 മൊബൈൽ ഫോണുകളും ഒരു ക്യാമറയുമാണ് സംഘം കവർന്നത്.

email: tvmchandrika@gmail.com

സി.പി.എമ്മിന് നഷ്ടമാവുന്നത് തലമുതിർന്ന നേതാവിനെ

കൊച്ചി: എം.എം ലോറൻസിന്റെ വിയോഗത്തിലൂടെ സി.പി.എമ്മിന് നഷ്ടമാവുന്നത് തലമുതിർന്ന നേതാവിനെ. തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങളിൽ ഉറച്ചുനിന്ന ലോറൻസിന്റെ നിലപാടുകൾ പാർട്ടിയെ പലഘട്ടങ്ങളിലും പ്രതിരോധത്തിലാക്കിയിട്ടുണ്ടെങ്കിലും എറണാകുളം ജില്ലയിൽ പാർട്ടി പ്രവർത്തനത്തിന് അസ്തിവാരമിട്ട പ്രധാന നേതാക്കളിലൊരാളും, സംഘടനാതലത്തിൽ പാർട്ടിക്ക് നേതൃത്വം കൊടുക്കുകയും ചെയ്ത എം.എം ലോറൻസിന് സി.പി.എമ്മിന്റെ ചരിത്രത്തിൽ സുപ്രധാന സ്ഥാനമുണ്ട്. 1929 ജൂൺ 15ന് എറണാകുളത്ത് മുളവുകാട് മാടമാക്കൽ അവിരാ മാത്തുവിന്റെയും മംഗലത്ത് മറിയത്തിന്റെയും മകനായി ജനിച്ചു. സെന്റ് ആൽബർട്ട്സ് സ്കൂളിലും എറണാകുളം മുനവ്വിറുൽ ഇസ്‌ലാം സ്കൂളിലുമാണ് പ്രാഥമിക വിദ്യാഭ്യാസം. സ്വാതന്ത്ര്യസമരം നടക്കുന്ന കാലത്ത് ത്രിവർണപതാക പോക്കറ്റിൽ കുത്തി സ്കൂളിലെത്തിയ ലോറൻസിനെ സെന്റ് ആൽബട് സ്കൂളിൽനിന്ന് പുറത്താക്കിയപ്പോഴാണ് മുനവ്വിറുൽ ഇസ്‌ലാം സ്കൂളിൽ ചേർന്നത്. പത്താം ക്ലാസിൽ പഠനം അവസാനിപ്പിച്ച് രാഷ്ട്രീയരംഗത്തേക്ക് കടക്കാൻ അധികം താമസമുണ്ടായില്ല.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ള എഴുതിയ കാറൽ മാർക്സിനെ കുറിച്ചുള്ള പുസ്തകം 11ാം വയസിൽ വായിച്ചതാണ് ലോറൻസിന്റെ ജീവിതത്തിൽ വഴിത്തിരിവാകുന്നത്. 1946-ൽ പതിനെട്ടാം വയസിൽ കമ്യൂണിസ്റ്റ് പാർട്ടി അംഗമായി. 1950 ഫെബ്രുവരിയിൽ ഇടപ്പള്ളി പൊലീസ് സ്റ്റേഷൻ ആക്രമണ കേസിൽ പ്രതിയായതോടെ ലോറൻസ് പാർട്ടിയിൽ ശ്രദ്ധേയനായി മാറി. കൽക്കത്ത തിസീസിന്റെ ഭാഗമായി ബി.ടി രണദിവെയുടെ കീഴിൽ പാർട്ടി സായുധസമരത്തിന്റെ പാത സ്വീകരിച്ച കാലത്ത് നടന്ന ആ ആക്രമണകേസിൽ പ്രതിയായ ലോറൻസ് 22 മാസം തടവിൽ കഴിഞ്ഞു. ടി.കെ രാമകൃഷ്ണൻ, വി.വിശ്വനാഥ മേനോൻ തുടങ്ങിയവരൊടൊപ്പം എറണാകുളത്ത് തൊഴിലാളികളെ കമ്യൂണിസ്റ്റ് പാർട്ടിയിൽ അണിനിരത്താൻ പ്രയത്നിച്ച ലോറൻസ് തുറമുഖ വ്യവസായ തൊഴിലാളികളെയും തോട്ടം തൊഴിലാളികളെയും യൂണിയനു വേണ്ടി സംഘടിപ്പിച്ചു. 1964-ൽ പാർട്ടി പിളർന്നപ്പോൾ ടി.കെ രാമകൃഷ്ണൻ, വി. വിശ്വനാഥമേനോൻ എന്നിവരൊടൊപ്പം സി.പി.ഐ വിട്ട് സി.പിഎമ്മിന്റെ ഭാഗമായി.

പലതവണ തിരഞ്ഞെടുപ്പുകളിൽ മൽസരിച്ചെങ്കിലും ഒരിക്കൽ മാത്രമേ അദ്ദേഹത്തിന് വിജയിക്കാനായുള്ളൂ. 1980-ൽ ഇടുക്കി മണ്ഡലത്തിൽനിന്ന് പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതാണ് ലോറൻസിന്റെ ഒരേ ഒരു വിജയം. 1970ലും 2006 ലും നടന്ന നിയമസഭ തിരഞ്ഞെടുപ്പുകളിൽ എറണാകുളം മണ്ഡലത്തിലും 1977ൽ പള്ളുരുത്തിയിലും 1991ൽ തൃപ്പൂണിത്തുറയിലും തോറ്റ അദ്ദേഹം 1984ൽ മുകുന്ദപുരത്ത് പാർലമെന്റ് മണ്ഡലത്തിലേക്കുള്ള തിരഞ്ഞെടുപ്പിലും പരാജയത്തിന്റെ രുചി അറിഞ്ഞു. 1969-ൽ പ്രഥമ കൊച്ചി മേയർ തിരഞ്ഞെടുപ്പിൽ മേയർ സ്ഥാനത്തിന് അവസരമൊരുങ്ങിയെങ്കിലും നറുക്കെടുപ്പിലൂടെ ആ സ്ഥാനം കൈവിട്ടുപോയി. 1965-ൽ ഇന്ത്യ-ചൈന സംഘർഷകാലത്ത് കരുതൽ ത്തടങ്കലിലും 1975-ൽ അടിയന്തരാവസ്ഥക്കാലത്ത് മിസ തടവുകാരനായും മറ്റും ആറു വർഷത്തോളം ലോറൻസ് ജയിൽ വാസം അനുഭവിച്ചു.

വി.എസ് അച്യുതാനന്ദൻ പാർട്ടിയിൽ പിടിമുറുക്കിയ 1998ലെ പാലക്കാട് നടന്ന സി.പി.എം സമ്മേളനത്തിൽ നടന്ന വെട്ടിനിരത്തലിൽ സി.ഐ.ടി.യു പക്ഷ നേതാവെന്ന നിലയിൽ എം.എം ലോറൻസ് സംസ്ഥാന കമ്മിറ്റിയിൽനിന്ന് ഒഴിവാക്കപ്പെട്ടു. പാർട്ടി അച്ചടക്ക നടപടിയെ തുടർന്ന് 1998ൽ സി.പി.എം കേന്ദ്രകമ്മറ്റിയിൽനിന്ന് എറണാകുളം ഏരിയാകമ്മിറ്റിയിലേക്ക് തരംതാഴ്ത്തപ്പെട്ടു. സി.പി.എമ്മിനെ പിടിച്ചുകുലുക്കിയ സേവ് സി.പി.എം ഫോറവുമായി ബന്ധപ്പെട്ട വിഭാഗീയ നീക്കങ്ങളിൽ പാർട്ടി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു നടപടി. 2005-ലെ മലപ്പുറം സംസ്ഥാന സമ്മേളനത്തിൽ വച്ച് പാർട്ടി സംസ്ഥാന സമിതി അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 2015ൽ ആലപ്പുഴയിൽ നടന്ന സി.പിഎം സംസ്ഥാന സമ്മേളനം പ്രായാധിക്യത്തെതുടർന്ന് ലോറൻസിനെ പാർട്ടി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കി. നിലവിൽ പാർട്ടി സംസ്ഥാന സമിതിയിൽ ക്ഷണിതാവ് എന്ന നിലയ്ക്ക് അംഗമായിരുന്നു.

അച്യുതാനന്ദനും പിണറായി വിജയനും പരസ്യമായി ഏറ്റുമുട്ടിയ നാളുകളിൽ എം.എം ലോറൻസ് നടത്തിയ വി.എസ് വിമർശനങ്ങൾ പിണറായി പക്ഷത്തിന് അനുഗ്രഹമായെങ്കിലും ലോറൻസിന്റെ പല നിലപാടുകളും പാർട്ടിക്ക് തലവേദന തന്നെയായിരുന്നു. 2014-ൽ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ക്രിസ്റ്റി ഫെർണാണ്ടസിനെ സി.പി.എം സ്ഥാനാർഥിയാക്കിയതിനെതിരേ ലോറൻസ് പരസ്യമായി തന്നെ പ്രതികരിച്ചു. ബോൾഗാട്ടി പാലസിന്റെ ഭൂമിയിൽ ലുലു ഗ്രൂപ്പിന് ഭൂമി അനുവദിച്ചതിനെതിരെ എം.എം ലോറൻസ് സീതാറാം യെച്ചൂരി അധ്യക്ഷനായ പാർലമെന്ററി കമ്മിറ്റിക്ക് 2021- ൽ പരാതി നൽകിയതും പാർട്ടിക്ക് ചില്ലറ തലവേദനയല്ല സൃഷ്ടിച്ചത്.

'ഓർമച്ചെപ്പുകൾ തുറന്നപ്പോൾ' എന്ന ശീർഷകത്തിലുള്ള ലോറൻസിന്റെ ആത്മകഥ 2023 നവംബറിൽ പുറത്തുവന്നപ്പോഴും പാർട്ടിക്ക് തലവേദന സൃഷ്ടിക്കുന്ന ഒട്ടേറേ വിവരണങ്ങൾ പുസ്തകത്തിലുണ്ടായിരുന്നു. സി.പി.എമ്മിൽ വിഭാഗീയതയക്ക് തുടക്കമിട്ടത് വി.എസ്.അച്യുതാനന്ദനാണെന്ന് ആത്മകഥയിൽ ആരോപിച്ച ലോറൻസ് വ്യക്തിപ്രഭാവം വർധിപ്പിക്കാൻ വി.എസ് പ്രത്യേക സ്ക്വാഡ് പോലെ ആളുകളെ നിയോഗിച്ചിരുന്നുവെന്നും കുറ്റപ്പെടുത്തിയിരുന്നു. 1998-ൽ പാലക്കാട് സമ്മേളനത്തിൽ താൻ ഉൾപ്പെടെ പതിനാറ് പേരെ പദ്ധതിയിട്ടാണ് തോൽപ്പിച്ചതെന്നും സി.പി.എമ്മിലെ വിഭാഗീയത തുടങ്ങുന്നത് തന്നെ എറണാകുളത്താണെന്നുമെല്ലാം ആത്മകഥയിൽ പറയുന്നുണ്ട്.

സ്ത്രീകളെയും കുട്ടിയെയും കയ്യേറ്റം ചെയ്ത കേസിൽ

സി.പി.എം ജില്ലാ പഞ്ചായത്ത് അംഗം അറസ്റ്റിൽ

തിരുവനന്തപുരം: കടയിൽ കയറി സ്ത്രീകളെയും കുട്ടിയെയും കയ്യേറ്റം ചെയ്ത കേസിൽ സി.പി.എം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് അംഗം വെള്ളനാട് ശശി അറസ്റ്റിൽ. സ്ത്രീകളേയും കുട്ടിയേയും കയ്യേറ്റം ചെയ്തെന്ന പരാതിയിൽ ആര്യനാട് പൊലീസാണ് വെള്ളനാട് ശശിയെ അറസ്റ്റ് ചെയ്തത്.

വെള്ളനാട് വില്ലേജ് ഓഫീസിന് സമീപം റോഡ് സൈഡിൽ ഹോട്ടലിന്റെ ബോർഡ് സ്ഥാപിച്ചിരുന്നത് എടുത്തുമാറ്റുന്നത് സംബന്ധിച്ച് ഹോട്ടൽ നടത്തിപ്പുകാരുമായുള്ള തർക്കമാണ് അക്രമണത്തിൽ കലാശിച്ചത്. സ്ത്രീകളെയും സംഭവം വീഡിയോയിൽ പകർത്താൻ ശ്രമിച്ച എട്ട് വയസ്സുകാരനെയും കയ്യേറ്റം ചെയ്തതിന്, ശശിക്കെതിരെ ജാമ്യമില്ലാ വകുപ്പുകൾ ചേർത്ത് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിരുന്നു. ജില്ലാ പഞ്ചായത്ത് അംഗം വെള്ളനാട് ശശി ഉൾപ്പെട്ട കയ്യേറ്റത്തിന്റെ ദൃശ്യങ്ങളും പുറത്ത് വന്നിരുന്നു.

സംഭവശേഷം സ്ഥലത്ത് നിന്ന് രക്ഷപ്പെട്ട വെള്ളനാട് ശശിയെ ജില്ലാ പൊലിസ് മേധാവി കിരൺനാരായണിന്റെ നിർദേശ പ്രകാരം ആര്യനാട് പൊലീസ് കൊല്ലം ആയൂരിൽ നിന്നാണ് അറസ്റ്റ് ചെയ്തത്. തുടർന്ന് നെടുമങ്ങാട് കോടതിയിൽ ഹാജരാക്കിയ ശശിക്ക്, ഉപാധികളോടെ ജാമ്യം അനുവദിച്ചു. പ്രായവും അസുഖവും മരുന്നുകൾ കഴിക്കുന്നതും പരിഗണിച്ച് തിങ്കളാഴ്ച കോടതിയിൽ ഹാജരാകണമെന്നതുൾപ്പെടെ ഉപാധികളോടെയാണ് ജാമ്യം അനുവദിച്ചത്.

ആരേയും അതിക്രമിച്ചിട്ടില്ലെന്നും സ്കൂട്ടറിന്റെ താക്കോൽ കടയുടമയും സംഘവും കൈക്കലാക്കിയതാണ് ചോദ്യം ചെയ്തതെന്നുമാണ് വെള്ളനാട് ശശി പറയുന്നത്. അടുത്തിടെയാണ് കോൺഗ്രസിൽ നിന്ന് മാറി വെള്ളനാട് ശശി സി.പിഎം അംഗത്വം സ്വീകരിച്ചതും ജില്ലാ പഞ്ചായത്ത് ഡിവിഷനിൽ മത്സരിച്ച് ജയിച്ചതും.

ലോറൻസിന്റെ നിര്യാണത്തിൽ അനുശോചിച്ചു

കൊച്ചി: മുതിർന്ന സി.പി.എം നേതാവ് എം.എം ലോറൻസിന്റെ നിര്യാണത്തിൽ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ അനുശോചിച്ചു. കരുത്തുറ്റ തൊഴിലാളി സംഘടനാ നേതാവും മികച്ച സംഘാടകനുമായിരുന്നു ലോറൻസ്. ശക്തമായ നിലപാടുകൾ സ്വീകരിക്കാനും അതിൽ ഉറച്ചു നിൽക്കാനും പാർട്ടി ചട്ടക്കൂട് ലോറൻസിന് ഒരിക്കലും തടസമായിരുന്നില്ല. എം.എം ലോറൻസിന്റെ വിയോഗം രാഷ്ട്രീയ കേരളത്തിന് തീരാ നഷ്ടമാണ്.

കൊച്ചി: ഇന്ത്യയിലെ ആദ്യ പ്രസ്ക്ലബായ എറണാകുളം പ്രസ് ക്ലബിന്റെ നിർമ്മാണത്തിൽ മുഖ്യ പങ്ക് വഹിച്ച ഒരാളാണ് എം എം ലോറൻസ്. ദേശാഭിമാനിയിലും നവലോകത്തിലും മാധ്യമ പ്രവർത്തനം നടത്തിയ ലോറൻസ് പ്രസ്ക്ലബിന്റെ അൻപതാം വാർഷികത്തിൽ സ്ഥാപക അംഗമെന്ന നിലയിൽ കേക്ക് മുറിച്ചുള്ള ആഘോഷത്തിൽ പങ്കെടുത്തിരുന്നു. മാധ്യമപ്രവർത്തകൻ എന്ന നിലയിൽ അർഹതപ്പെട്ട പെൻഷൻ തനിക്ക് വേണമെന്ന ആവശ്യവും ലോറൻസ് പല യൂണിയൻ സദസുകളിലും പങ്കു വെച്ചിരുന്നു . ലോറൻസിന്റെ നിര്യാണത്തിൽ കേരള പത്ര പ്രവർത്തക യൂണിയൻ ജില്ലാ പ്രസിഡന്റ് ആർ ഗോപകുമാർ, ജില്ലാ സെക്രട്ടറി എം. ഷജിൽ കുമാർ എന്നിവർ അനുശോചനം രേഖപ്പെടുത്തി.

കോഴിക്കോട്: സംയുക്ത ട്രേഡ് യൂണിയനിൽ ചേരുന്നതുമായി ബന്ധപ്പെട്ട് എസ്.ടി.യുവിന് വേണ്ടി ചെർക്കളം അബ്ദുല്ലക്കൊപ്പം എം.എം ലോറൻസുമായി ചർച്ചകൾ നടത്തിയതും തുടർന്ന് ട്രേഡ് യൂണിയൻ സംയുക്ത പ്രക്ഷോഭങ്ങളിൽ ഒരുമിച്ച് പ്രവർത്തിച്ചതും മറക്കാനാവില്ലെന്ന് എസ്.ടി.യു ദേശീയ പ്രസിഡണ്ട് അഹമദ്കുട്ടി ഉണ്ണികുളം അനുശോചന സന്ദേശത്തിൽ പറഞ്ഞു

കെഎംസിസി സീതി സാഹിബ് വിദ്യാഭ്യാസ പുരസ്കാരം ബംഗ്ലത്ത് മുഹമ്മദിന്



നാദാപുരം: ദുബായ് കെ.എം.സി.സി നാദാപുരം പഞ്ചായത്ത് കമ്മിറ്റിയുടെ സീതി സാഹിബ് വിദ്യാഭ്യാസ പുരസ്കാരത്തിനു നാദാപുരം മേഖലയിലെ പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും മുസ്‌ലിം ലീഗ് നാദാപുരം മണ്ഡലം പ്രസിഡണ്ടുമായ ബംഗ്ലത്ത് മുഹമ്മദ് അർഹനായി. എം.പി ജാഫർ മാസ്റ്റർ, ഹസ്സൻ ചാലിൽ, കെ.പി മുഹമ്മദ് എന്നിവർ അടങ്ങുന്ന ജൂറിയാണ് അവാർഡ് ജേതാവിനെ തിരഞ്ഞെടുത്തത്. നാദാപുരം മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനത്തിനും സർക്കാർ അംഗീകാരങ്ങൾ നേടിയെടുക്കുന്നതിനും നാടിന്റെ വിദ്യാഭ്യാസ പുരോഗതിക്കുമായി ബംഗ്ലത്ത് മുഹമ്മദ് പ്രവർത്തിച്ചിട്ടുള്ളത് വളരെ പ്രശംസനീയമാണ്.

വിദ്യാഭ്യാസ പുരോഗതിക്ക് നൽകിയ മഹത്തായ സംഭാവനകൾ വിലയിരുത്തിയാണ് അദ്ദേഹത്തെ പുരസ്കാരത്തിന് തിരഞ്ഞെടുത്തത്. നാദാപുരം മേഖലയിൽ അദ്ദേഹം സ്ഥാപിച്ച വിദ്യാലയങ്ങൾ വിവിധ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന വിദ്യാഭ്യാസ സാധ്യതകൾ ഒരുക്കിയിട്ടുണ്ട്. കഴിവുള്ള ചെറുപ്പക്കാർക്ക് അധ്യാപകരായും മറ്റു ജീവനക്കാരെയും സർക്കാർ ശമ്പളം പറ്റുന്നതിനും അവരെ സാമൂഹിക പ്രവർത്തന രംഗത്ത് സജീവമാക്കുന്നതിനും ബംഗ്ലത്തിന് കഴിഞ്ഞു. എം.ഇ.ടി. കോളജ് ,ടി.ഐ.എം ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പേരോട് എം.ഐ.എം.ഹയർ സെക്കൻഡറി സ്കൂൾ ഉൾപ്പെടെ നാട്ടിൽ തലയുയർത്തി നിൽക്കുന്ന ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേതൃപരമായ പങ്കുവഹിച്ച വ്യക്തി കൂടിയാണ് ബംഗ്ലത്ത്.

ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരം നവംബർ 10ന് ദുബായ് കെ.എം.സി.സി ഹാളിൽ നടക്കുന്ന ചടങ്ങിൽ പ്രമുഖ വ്യക്തിത്വങ്ങളുടെ സാന്നിധ്യത്തിൽ സമർപ്പിക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഹസ്സൻ ചാലിൽ, ഡോ. നൗഷാദ് കെ.വി, ദാവൂദ് കെ. കെ.സി, ചാമക്കാലിൽ അബൂബക്കർ, പോള നാസർ, സുബൈർ കുറ്റിയിൽ, സലീം ചേലക്കാട് , നംഷി പി.പി, സുബൈർ വലിയാണ്ടി എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ഇഖ്റ ഹോസ്പിറ്റലിന് ഐ.എം.എ ഇമേജ് പരിസ്ഥിതി മിത്ര അവാർഡ്

കോഴിക്കോട്: ഇന്ത്യൻ മെഡിക്കൽ അസോസിയേഷന് കീഴിലുള്ള ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് വിഭാഗമായ ഇമേജ് ഏർപ്പെടുത്തിയ പരിസ്ഥിതി മിത്ര അവാർഡ് കോഴിക്കോട് ഇഖ്റ ഹോസ്പിറ്റലിന് ലഭിച്ചു. ലീഗൽ ആന്റ് പേഷ്യന്റ് റിലേഷൻസ് മാനേജർ മെർലിൻ ബെറ്റില, ഇൻഫക്ഷൻ കൺട്രോൾ നഴ്സ് പ്രിയ, ഹൗസ് കീപ്പിംഗ് സൂപ്പർവൈസർ വസന്ത, ഹൗസ്കീപ്പിംഗ് അസിസ്റ്റന്റ് കവിത പി.വി എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

ചോരക്കുഞ്ഞിനെ കൊലപ്പെടുത്തിയ അച്ഛനുൾപ്പെടെ മൂന്ന് പേർ അറസ്റ്റിൽ

കൽപ്പറ്റ: വയനാട് കൽപ്പറ്റയിൽ നേപ്പാൾ സ്വദേശി നവജാത ശിശുവിനെ കൊലപ്പെടുത്തിയ കേസിൽ അഛനും ഇയാളുടെ മാതാപിതാക്കളും അറസ്റ്റിൽ. നേപ്പാൾ സ്വദേശിയായ റോഷൻ, അമർ, മഞ്ജു എന്നിവരാണ് അറസ്റ്റിലായത്. റോഷന്റെ ഭാര്യയും കുഞ്ഞിന്റെ അമ്മയുമായ പാർവ്വതിയുടെ പരാതിയിലാണ് അറസ്റ്റ്. ഒരു പകൽ നീണ്ട ചോദ്യം ചെയ്യലിനൊടുവിൽ പ്രതികൾ കുറ്റം സമ്മതിച്ച തായും കുട്ടിയുടെ മൃതദേഹം കണ്ടെത്തുന്നതിനായി കൂടുതൽ ചോദ്യം ചെയ്യാൻ പ്രതികളെ കസ്റ്റഡിയിൽ വാങ്ങുമെന്നും കൽപ്പറ്റ സി.ഐ ജയപ്രകാശ് പറഞ്ഞു. തന്റെ ഭർത്താവും മാതാപിതാക്കളും ചേർന്ന് തന്റെ ചോരകുഞ്ഞിനെ കൊലപ്പെടുത്തിയെന്ന് പാർവതി കഴിഞ്ഞ ദിവസമാണ് പോലീസിൽ പരാതി നൽകിയത്. അഞ്ച് മാസം മുമ്പാണ് സംഭവം നടന്നതെന്നും കുഞ്ഞ് ജനിച്ച് തൊട്ടടുത്ത ദിവസം തന്നെ കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തിയെന്നുമാണ് പരാതിയിലുള്ളത്. ഇന്നലെ കുടുംബം കഴിഞ്ഞിരുന്ന കൽപ്പറ്റയിലെ മുറിയിൽ ഫോറൻസിക് പരിശോധനയും നടന്നു.

നേപ്പാൾ സെമിൻപൂൾ ജില്ലയിലെ ജോജല്ലി നിവാസികളാണ് ഇവർ. മാസങ്ങളായി കൽപ്പറ്റയിലെ ഹോട്ടലിൽ ശുചീകരണ തൊഴിലാളികളായി ജോലി ചെയ്യുകയാണ്. കഴിഞ്ഞ മെയ് മാസം ആദ്യ വാരത്തിൽ പാർവതി ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. മാസം തികയാതെ ആയിരുന്നു പ്രസവം. ഏഴാം മാസം പ്രസവിക്കാൻ കാരണം റോഷന്റെ അമ്മ മഞ്ജു നൽകിയ ഗർഭം അലസിപ്പിക്കാനുള്ള മരുന്നാണെന്ന് പരാതിയിൽ പറയുന്നു. താൻ കുളിമുറിയിൽ പോയി മടങ്ങിയെത്തുമ്പോൾ കുഞ്ഞിനെ കാണാതായി എന്നും കൊലപ്പെടുത്തിയ ശേഷം ബാഗിൽ ആക്കി എവിടെയോ ഉപേക്ഷിച്ചു എന്നുമായിരുന്നു പരാതി. അമ്മ മഞ്ജുവാണ് കൊലപ്പെടുത്തിയതെന്നും ഭർത്താവും ഭർതൃ പിതാവും ഒത്താശ ചെയ്തുവെന്നും പാർവതി ആരോപിക്കുന്നു. തുടർന്ന് നേപ്പാളിൽ പോയ പാർവതി മടങ്ങി വന്ന ശേഷമാണ് പൊലീസിനെ സമീപിച്ചത്.

മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് പ്രക്ഷോഭം ശക്തമാക്കും

കൊച്ചി: സംസ്ഥാന സർക്കാരിനെതിരായ പ്രക്ഷോഭം ശക്തിപ്പെടുത്താൻ ഇന്നലെ കൊച്ചിയിൽ ചേർന്ന കെപിസിസി ഭാരവാഹികളുടെയും ഡിസിസി പ്രസിഡന്റുമാരുടെയും അടിയന്തര യോഗം തീരുമാനിച്ചു. മാഫിയ സംരക്ഷകനായ മുഖ്യമന്ത്രി രാജിവെക്കുക,രാഷ്ട്രീയ ലാഭത്തിനായി തൃശ്ശൂർ പൂരം കലക്കിയ ഗൂഢാലോചനക്കാർക്കെതിരെ നടപടി സ്വീകരിക്കുക,ആഭ്യന്തര വകുപ്പിന്റെ ക്രിമിനൽവൽക്കണം അവസാനിപ്പിക്കുക,എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ 24ന് വൈകിട്ട് നാലിന് പ്രതിഷേധ കൂട്ടായ്മയും 28ന് തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത് മഹാപ്രതിഷേധ സമ്മേളനവും നടത്താനും യോഗം തീരുമാനിച്ചു. തൃശ്ശൂർ ജില്ലയിലെ 26 ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റികൾ ഒഴികെയുള്ള 256 ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിലായിരിക്കും സെപ്തംബർ 24 ലെ പ്രതിഷേധ കൂട്ടായ്മ സംസ്ഥാന വ്യാപകമായി നടത്തുന്നത്. 28ന് തൃശ്ശൂരിൽ മഹാപ്രതിഷേധ സമ്മേളനം നടത്തുന്നതിനലാണ് ഈ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റികളെ 24 ലെ പരിപാടിയിൽ നിന്ന് ഒഴിവാക്കിയത്. പതിനാല് ജില്ലകളിലും കോൺഗ്രസിന്റെ പ്രമുഖ നേതാക്കൾ പ്രതിഷേധ കൂട്ടായ്മയിൽ പങ്കെടുക്കും. രാഷ്ട്രപിതാവ് മഹാത്മഗാന്ധിജി കോൺഗ്രസ് പ്രഡിഡന്റ് ആയതിന്റെ നൂറാം വാർഷികം വിപുലമായ പരിപാടികളോടെ നടത്തും. അതിന്റെ ഭാഗമായി ഒക്ടോബർ 2ന് സംസ്ഥാനത്തെ 25177 ബൂത്തുകളിൽ ഗാന്ധി സ്മൃതിസംഗമം സംഘടിപ്പിക്കുമെന്നും കെ.പി.സി.സി സംഘടനാ ജനറൽ സെക്രട്ടറി എം. ലിജു പറഞ്ഞു. എറണാകുളം ഡിസിസി ഓഫീസിൽ കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ എംപിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പങ്കെടുത്തു. എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷി, രമേശ് ചെന്നിത്തല, ശശി തരൂർ എന്നിവർ ഓൺലൈനായും കൊടിക്കുന്നിൽ സുരേഷ് എം.പി, ടി.എൻ പ്രതാപൻ ഉൾപ്പെടെ പങ്കെടുത്തു.

യുവവേദി ഓണാഘോഷവും, ഓണകിറ്റ് വിതരണ ഉദ്ഘാടനവും വാവ സുരേഷ് നിർവ്വഹിക്കുന്നു

ICICI Home Finance

രജിസ്റ്റേർഡ് ഓഫീസ്: ഐസിഐസിഐ ബാങ്ക് ടവേഴ്സ്, ബാന്ദ്ര-കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്) മുംബൈ - 400051
കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ എച്ച് എഫ് സി ടവർ, അന്ധേരി കുർള റോഡ്, ജെ ബി നഗർ, അന്ധേരി (ഈസ്റ്റ്) മുംബൈ - 400059
ശാഖ ഓഫീസ്: ഷോപ്പ് നമ്പർ 2/30, ഒന്നാം നില, T.C. VII/673/1- 4(2 MG കോർപ്പറേറ്റ് സെന്റർ, മെഡിക്കൽ കോളേജ് പി ഒ, ഉള്ളൂർ, തിരുവനന്തപുരം, കേരളം 695011

പ്രൊവിസോ റൂൾ 8(6) കാണുക സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002 ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെൻ ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ, പ്രൊവിസോ റൂൾ 8(6) ചേർത്തു വായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്. വായ്പ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ ജപ്തി ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ "എവിടെയാണോ ഉള്ളത്" "എന്താണോ ഉള്ളത്" "എങ്ങനെയാണോ ഉള്ളത്" അതുപോലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു

Sr. No.	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	വസ്തു പരിശോധന തീയതിയും സമയവും	ലേല തീയതി, സമയം	ലേല തീയതിക്ക് ഒരു ദിവസം മുമ്പ്	സർഫേസി സ്റ്റേജ്
(A)	(B)	(C)	(D)	(E)	(F)	(H)	(I)	(J)
1	വിജേഷ്കുമാർ വി (വായ്പക്കാരൻ) റോസമ്മ ടി (സഹവായ്പക്കാരി LHTVM00001330596& LHTVM00001337760	റീസർവ്വെ നം. 214/26-2, ബ്ലോക്ക് നം. 6, പഴയ സർവ്വെ നം.260/1സി, മലയിൻകീഴ് വില്ലേജ്, കാട്ടാക്കട താലൂക്ക്, തിരുവനന്തപുരം ജില്ല	Rs.5,60,704/- (As on 10th September,'24)	Rs11,02,248/- Rs1,10,225/-	4th Oct,24 11AM-3PM	10th Oct,24 2 PM-3PM	9th Oct,24	ഭൗതികമായ ജപ്തി

ശ്രീറാം ഓട്ടോമാൾ ഇന്ത്യ ലിമിറ്റഡിന്റെ (യു.ആർ.എൽ ലിങ്ക് eauctions.samil.in) വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് ഒക്ടോബർ 9, 2024 വൈകിട്ട് 5 മണിവരെ മുഴുവൻ തുകയും തിരിച്ചടക്കാനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ചപ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.
ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വിലയ നിരതദ്രവ്യം (ഇ.എം.ഡി) ആർ.ടി.ജി.എസ്/ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇയിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ ഐ.സി.ഐ.സി.ഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് ഒക്ടോബർ 9, 2024 വൈകീട്ട് 4 മണിക്ക് മുമ്പായി അയക്കേണ്ടതാണ്. താൽപര്യമുള്ള ബിഡ്ഡർമാർ രജിസ്ട്രേഷൻ ഫോമിന്റെയും ബിഡ് ടേംസ് ആൻഡ് കണ്ടീഷൻ ഫോമിന്റെയും ഒപ്പിട്ട കോപ്പി ഐ.സി.ഐ.സി.ഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് ഒക്ടോബർ 9, 2024 വൈകീട്ട് 5 മണിക്ക് മുമ്പായി അയക്കേണ്ടതാണ്. നിരതദ്രവ്യം, തുക, ഡിമാന്റ് ഡ്രാഫ്റ്റ് (ഡിഡി) എന്നിവ നാഷണലൈസ്ഡ്/ഷെഡ്യൂൾ ബാങ്കിൽ നിന്നും ഐ.സി.ഐ.സി.ഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന് ലേലം തിരുവനന്തപുരത്ത് മാറാവുന്ന വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർക്കും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 9920807300 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
താഴെ ഒപ്പിട്ടിരിക്കുന്ന അംഗീകൃത ഓഫീസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദേശിക്കാൻ അധികാരമുണ്ട്. വിശദമായ വ്യവസ്ഥകൾക്കും നിർദേശങ്ങൾക്കുമായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക https://www.icichfc.com/
തീയതി: 22.09.2024 അംഗീകൃത ഓഫീസർ, ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് : CIN Number U65922MH1999PLC120106

കേരള സംസ്ഥാന ഭാഗ്യക്കുറി KARUNYA KR672 DRAW RESULT 21/09/2024

ഒന്നാം സമ്മാനം ₹ 80 ലക്ഷം KL 644906 (വയനാട്)
സമാശ്വാസ സമ്മാനം ₹ 8000: KA 644906 KB 644906 KC 644906 KD 644906 KE 644906 KF 644906 KG 644906 KH 644906 KJ 644906 KK 644906 KM 644906
കേരള ഭാഗ്യക്കുറി
രണ്ടാം സമ്മാനം ₹ 5 ലക്ഷം KM 349817 (ആലപ്പുഴ)
മൂന്നാം സമ്മാനം ₹ 1 ലക്ഷം: KA 196780 KB 222718 KC 787406 KD 536745 KE 974741 KF 321061 KG 300413 KH 351616 KJ 971936 KK 300241 KL 838137 KM 804971

താഴെ കാണുന്ന നമ്പറുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0442 1711 1978 3142 3708 4217 4738 5658 5717 5744 6215 6310 6496 7274 7349 8669 9080 9511

അഞ്ചാം സമ്മാനം ₹2000: 1390 7845 3077 7950 3992 8219 5746 8546 6073 7481

ആറാം സമ്മാനം ₹1000: 0041 0497 0674 2043 2300 2367 2431 2962 4042 5475 6671 7090 7836 9201

ഏഴാം സമ്മാനം ₹500: 0012 0095 0212 0372 0419 0791 0955 0989 1019 1259 1353 1387 1397 1692 1739 1851 2059 2163 2212 2333 2340 2395 2581 2763 2901 2927 3099 3124 3135 3334 3693 3738 3740 3774 3875 3913 4005 4015 4107 4279 4446 4541 4732 4982 5118 5352 5470 5473 5497 5516 5539 5595 5725 5742 5908 6058 6195 6524 6599 6839 6994 7072 7175 7378 7379 7648 7816 7901 8458 8682 8894 8971 8981 9100 9412 9439 9520 9617 9800 9994

എട്ടാം സമ്മാനം ₹100: 0008 0010 0025 0044 0827 0951 0998 1005 1037 1088 1132 1366 1522 1537 1592 1614 1623 1645 1938 2147 2254 2320 2322 2400 2414 2488 2600 2659 2663 2816 2828 2869 2914 2922 2985 3004 3043 3051 3171 3309 3394 3397 3563 3579 3621 3646 3839 3867 3868 4035 4142 4149 4509 4533 4538 4545 4640 4834 4864 4868 5015 5364 5420 5502 5564 5720 5806 5845 6103 6164 6166 6205 6214 6231 6268 6309 6343 6406 6423 6442 6486 6500 6521 6582 6630 6842 6873 7006 7105 7186 7205 7394 7433 7435 7440 7548 7558 7641 7842 7862 7911 7936 7965 8036 8050 8222 8283 8317 8423 8463 8514 8627 8807 8964 9010 9059 9079 9375 9389 9477 9628 9732 9957 9986

രാജ്കപൂർ ജോ. ഡയറക്ടർ
www.statelottery.kerala.gov.in

പ്രാഥമിക സംഘങ്ങളെ തകർക്കാനുള്ള കേരളബാങ്ക് ശ്രമം പിൻവലിക്കണം

തിരുവനന്തപുരം: കേരളത്തിലെ ആയിരത്തി മുന്നൂറോളം വരുന്ന പ്രാഥമിക സഹകരണ സംഘങ്ങളെ തകർക്കാനുള്ള കേരള ബാങ്ക് ശ്രമം പിൻവലിക്കണമെന്ന് സഹകരണ ജനാധിപത്യ വേദി ചെയർമാൻ കരകുളം കൃഷ്ണപിള്ള ആവശ്യപ്പെട്ടു. 26 ന് നടക്കുന്ന കേരളബാങ്ക് പൊതുയോഗത്തിലാണ് വിവിധങ്ങളായ ബൈലോ ഭേദഗതിയിലൂടെ പ്രാഥമിക സഹകരണ സംഘങ്ങളെ തകർക്കാൻ കേരളബാങ്ക് ശ്രമിക്കുന്നത്.

കേരള ബാങ്കിൽ നിലവിൽ ഷെയർ എടുത്തുള്ള സംഘങ്ങൾക്ക് ഷെയർ തുക പിൻവലിക്കാൻ അനുവദിക്കില്ല എന്നതാണ് പ്രധാന ബൈലോ ഭേദഗതി. പ്രാഥമിക സഹകരണ സംഘങ്ങൾ കോടിക്കണക്കിന് രൂപയാണ് കേരള ബാങ്കിൽ ഷെയർ എടുത്തിരിക്കുന്നത്. ജില്ലാ ബാങ്ക് ആയിരുന്നപ്പോഴും കേരള ബാങ്ക് ആയി മാറിയപ്പോഴും റിസർവ് ബാങ്ക് അംഗീകാരം നിലനിർത്തുന്നതിന് വേണ്ടി കാലാകാലങ്ങളിൽ പ്രാഥമിക സംഘങ്ങൾ ഷെയർ എടുത്തിട്ടുണ്ട്. ആ ഷെയർ തുകയാണ് റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി ഷെയർ തുക പിൻവലിക്കാൻ അനുവദിക്കില്ലെന്നുള്ള ബൈലോ ഭേദഗതിയ്ക്ക്കേരളബാങ്ക് ശ്രമിക്കുന്നത്. കേരള ബാങ്കിൽ 10 കോടി രൂപയുടെ ഷെയർ ഉള്ള സംഘങ്ങൾ ഉണ്ട്.ഇത് മടക്കി നൽകാത്തത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംഘങ്ങളെ കൂടുതൽ ബുദ്ധിമുട്ടിലാക്കും. മറ്റൊരു ഭേദഗതി ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ കേരള ബാങ്കിന് എന്ത് ബിസിനസും ആരംഭിക്കാം എന്നതാണ്. കേരള ബാങ്ക് ഒരു ഷെഡ്യൂൾഡ് ബാങ്ക് എന്ന നിലയ്ക്കാണ് റിസർബാങ്ക് അംഗീകാരം നൽകിയിരിക്കുന്നത്. ബാങ്കിങ് റെഗുലേഷൻ ആക്ട് അനുസരിച്ച് ബാങ്കിങ് ബിസിനസ് അല്ലാതെ മറ്റൊരു ബിസിനസ് കേരള ബാങ്ക് നടത്തുവാൻ പാടില്ല എന്നതും ഭേദഗതിയ്ക്ക് നിയമപരമായ അംഗീകാരം ലഭിക്കുന്നില്ല. കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബാങ്കാണ് കേരളബാങ്ക് എങ്കിലും പ്രാഥമിക സംഘങ്ങൾക്ക് കേരളബാങ്ക് രൂപീകരിച്ച ശേഷം യാതൊരു സഹായവും സംരക്ഷണവും കിട്ടുന്നില്ല. കേരളത്തിലെ സഹകരണ മേഖലയിലെ ത്രി ടയർ സിസ്റ്റം തകർത്തുകൊണ്ട് ജില്ലാ ബാങ്കുകളെ കൂട്ടിയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരണം സഹകരണ മേഖലയെ പ്രതിസന്ധിയിലാക്കി. കരുവന്നൂരും കണ്ടലയും തുടങ്ങിവച്ച പ്രതിസന്ധികൾ ഇപ്പോഴും തുടരുകയാണ്.കേരള ബാങ്ക് ഷെയർ തുക തിരിച്ചു കൊടുക്കണ്ട എന്നതുൾപ്പെടെയുള്ള ഭേദഗതികൾ ഈ മേഖലയെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

യുവവേദി ഓണാഘോഷവും ഓണകിറ്റ് വിതരണവും

ബാലരാമപുരം: യുവ വേദി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓണാഘോഷവും, ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം സ്നേക് മാസ്റ്റർ വാവ സുരേഷ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ നാന്നൂറ് പേർക്ക് ഓണക്കിറ്റും, ഇരുപത്തഞ്ചു പേർക്ക് ചികിൽസാ സഹായവും, നൂറുപേർക്ക് പുതുവസ്ത്ര വിതരണവും നടന്നു. പ്രസിഡന്റ് അയൂബ് ഖാൻ അദ്ധ്യക്ഷനായി. കേരള കോൺഗ്രസ് (ജേക്കബ്) സംസ്ഥാന സെക്രട്ടറി കരുമം സുന്ദരേശൻ, മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറി ഹുമയൂൺ കബീർ, ബി ജെ പി ജില്ലാ കമ്മിറ്റി അംഗം ഷിബുകുമാർ, കെ എം പി യു ജില്ലാ പ്രസിഡന്റ് എ.അബൂബക്കർ, സജീത്, യുവവേദി ഭാരവാഹികളായ അക്ബർ ബാദുഷ, സദാശിവൻ നായർ, പനച്ചമൂട് ഷാജഹാൻ, ബുഷ്റ വിഴിഞ്ഞം, എൻ. നസീഹ തുടങ്ങിയവർ പ്രസംഗിച്ചു.

ഐ.എസ് ചർച്ചക്കുപിന്നിൽ വർഗീയ അജണ്ട

കോഴിക്കോട്: കേരളത്തിൽ വീണ്ടും ഐ.എസ് ചർച്ച കൊഴുപ്പിക്കുന്നതിനു പിന്നിലുള്ള രാഷ്ട്രീയ ലക്ഷ്യം പൊതു സമൂഹം തിരിച്ചറിയണമെന്നു കെ.എൻ.എം സംസ്ഥാന നേതൃ സംഗമം ആവശ്യപ്പെട്ടു. ഐ.എസ് ആഗോള തലത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾതന്നെ ഇതൊരു നിഗൂഢ ഭീകര സൃഷ്ടിയാണെന്ന് തിരിച്ചറിഞ്ഞു പരസ്യമായി തള്ളിയ പാരമ്പര്യമാണ് കേരളത്തിനുള്ളത്. ഐ.എസ് എന്ന കൊടും ഭീകരകൂട്ടത്തെ മുഖ്യധാര മുസ്‌ലിം സംഘടനകളെല്ലാം തള്ളി പറഞ്ഞതാണ്. മുസ്‌ലിം ലോകത്തെ ലക്ഷ്യംവെച്ചു പടച്ചുവിട്ട ഐ.എസിനെ ശക്തമായി എതിർത്തതിന്റെ പേരിൽ ഏറ്റവും വലിയ നഷ്ടം ഏറ്റുവാങ്ങിയവരാണ് മുസ്‌ലിം രാഷ്ട്രങ്ങൾ. സംഘ്പരിവാർ ഉയർത്തുന്ന വ്യാജ വാദങ്ങളുടെ മുനയൊടിക്കേണ്ടവർ തന്നെ വർഗീയ അജണ്ടകൾക്കു കുഴലൂത്ത് നടത്തുന്നത് കേരള സർക്കാർ ഗൗരവമായി കാണണം. ഊഹങ്ങൾക്ക് തീ കൊടുക്കുന്നത് അവസാനിപ്പിക്കണമെന്നും കെ.എൻ.എം ആവശ്യപ്പെട്ടു. പ്രസിഡന്റ് ടി.പി അബ്ദുല്ല കോയ മദനി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് പ്രൊഫ എൻ.വി അബ്ദുറഹ്മാൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എം മുഹമ്മദ് മദനി, നൂർ മുഹമ്മദ് നൂർഷ, അബ്ദുറഹ്മാൻ മദനി പാലത്ത്, എ അസ്ഗർ അലി, ഡോ. എ.ഐ അബ്ദുൽ മജീദ് സ്വലാഹി, ഡോ. സുൾഫിക്കർ അലി, ഡോ. പി.പി അബ്ദുൽ ഹഖ്, എം.ടി അബ്ദുസമദ് സുല്ലമി എന്നിവർ സംസാരിച്ചു.

ശാസ്താംകോട്ട പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ: ക്യൂ-373
ശാസ്താംകോട്ട പി.ഒ. ഫോൺ: 0476 2830335

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ പോരുവഴി വില്ലേജിൽ ക മ്പലടിമുറിയിൽ കുറ്റിക്കാട്ട് മേക്കതിൽ വീട്ടിൽ മുഹമ്മദ് കുഞ്ഞ്, നവാസ്, നിസാമോൾ എന്നിവർ ടി. ബാങ്കിൽ നിന്നും അഞ്ച് ലക്ഷം രൂപ (500000/) വായ്പ എടുക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ളതും ജാമ്യവസ്തുവായി ശാസ്താംകോട്ട സബ് രജിസ്ട്രാർ ഓഫീസിലെ 3077/99 ധനനിശ്ചയാധാര പ്രകാരം പോരുവഴി വില്ലേജിലെ ബ്ലോക്ക് നമ്പർ 6 റീസർവ്വേ നമ്പർ 23/10 മു ൻ സർവ്വേ 528/ 2 പ്രകാരം 6.92ആർസ് ആർ സ്ഥലം ജാമ്യമായി തന്നിട്ടുള്ളതും ടി ആധാരങ്ങളുടെ മുന്നാധാരങ്ങളായ ശാസ്താംകോട്ട സബ് രജിസ്ട്രാർ ഓഫീസ് വക 1123/3106 വിലയാധാരം തിരിച്ച് കിട്ടാനാവാത്ത വിധം നഷ്ടപ്പെട്ട് പോയിട്ടുള്ളതാണെന്ന് സത്യവാങ്മൂലം നൽകിയിട്ടുള്ളതും പ്രമാണത്തിന്റെ ശരി പകർപ്പ് ഹാജരാക്കിയിട്ടുള്ളതുമാണ്. ടി. ആധാരങ്ങളുടെ പകർപ്പ് സ്വീകരിച്ച് ലോൺ പാസാക്കി കൊടുക്കണമെന്ന് രേഖാമൂലം അപേക്ഷിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ടി അപേക്ഷ സ്വീകരിച്ച് ലോൺ പാസാക്കി കൊടുക്കുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപം ഉണ്ടെങ്കിൽ ടി.ബാങ്കിനെ ഈ പരസ്യ തീയതി മുതൽ 10 ദിവസങ്ങൾക്കകം രേഖാമൂലം അറിയിക്കേണ്ടതും അല്ലാത്ത പക്ഷം പരാതിയൊന്നും ഇല്ലെന്നുള്ള നിഗമനത്തിൽ ലോൺ പാസാക്കി കൊടുക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

സ്ഥലം: ശാസ്താംകോട്ട
തീയതി : 19/9/2024.

എന്ന്
(ഒപ്പ്) സെക്രട്ടറി